**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2939** — **18.08.2017-ൽ മറുപടിയ്ക്ക്**

**<u>മണൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യൽ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ; | (എ) | ഫിഷിംഗ് ഹാർബറിന്റെ അഴിമുഖത്ത് അടിഞ്ഞു കൂടുന്ന മണ്ണ് കാലാകാലങ്ങളിൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നമുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കാറുണ്ട്.<br><br>കേരളത്തിലെ 7 ഫിഷിംഗ് ഹാർബറുകളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് **16/06/2012-ൽ 50%** കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി **10.54** കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കായംകുളം ഫിഷറി ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് **130** ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. അതനുസരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തി ഏർപ്പാടാക്കിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി കരാർ പ്രകാരം പ്രവൃത്തി ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാൽ ശേഷിക്കുന്ന പ്രവൃത്തി ടി കമ്പനിയുടെ നഷ്ടോത്തരവാദിത്തത്തിൽ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനെതിരെ ഇവർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരുന്നു. സ്റ്റേ ഓർഡർ വെക്കേറ്റ് ചെയ്ത് ഡ്രഡ്ജിംഗ് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ ബേസിനിലും ചാനലിലും കാലാകാലങ്ങളിൽ അടിഞ്ഞു കൂടുന്ന മണ്ണ് |

| | | | |
|---|---|---|---|
| | | | ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ഫിഷിംഗ് ഹാർബറുകളുടെയും മെയിന്റനൻസ് ഡ്രഡ്ജിംഗിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് **4405-00-104-37** എന്നൊരു പ്രത്യേക ശീർഷകം ഇദംപ്രഥമമായി അനുവദിക്കുകയും ആയതിലേയ്ക്കായി ഈ സാമ്പത്തിക വർഷം **10** കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഴിമുഖത്ത് അവസാനം ഡ്രഡ്ജിംഗ് നടന്നത് എന്നാണെന്ന് വിശദീകരിക്കുമോ; | (ബി) | **01/12/2012** മുതൽ **08/08/2013** വരെയായിരുന്നു ഏറ്റവും അവസാനം കായംകുളം ഫിഷിംഗ് ഹാർബറിൽ ഡ്രെഡ്ജിങ്ങ് നടത്തിയത്. |
| (സി) | സംസ്ഥാന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സ്വന്തമായി ഡ്രഡ്ജിംഗിനുള്ള ഉപകരണങ്ങൾ ഉണ്ടോയെന്ന് വിശദീകരിക്കുമോ; | (സി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സ്വന്തമായി ജപ്പാൻ നിർമ്മിതമായ **150** DP, 75 DP ഇനങ്ങളിലുള്ള സാന്റ് പമ്പ് ഉണ്ട്. നീണ്ടകര ഹാർബറിൽ വർഷം മുഴുവൻ ടി സാന്റ് പമ്പ് ഉപയോഗിച്ചാണ് ഡ്രഡ്ജിംഗ് നടത്തുന്നത്. മറ്റ് ഹാർബറുകളിലെ ഡ്രെഡ്ജിങ്ങ് നടത്താൻ സ്വന്തമായി ഡ്രെഡ്ജറില്ല. |
| (ഡി) | പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ അഴിമുഖം ഡ്രഡ്ജ് ചെയ്ത് സുരക്ഷിതമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | കരാർ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുനരാരംഭിക്കുന്നതോടുകൂടി ഹാർബർ മൗത്തിലെ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കി അഴിമുഖം സുരക്ഷിതമാക്കുന്നതാണ്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പുതുതായി അനുവദിച്ച ക്യാപിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി സമയാസമയങ്ങളിൽ ഹാർബർ ഡ്രഡ്ജ് ചെയ്ത് ആഴം നിലനിർത്തി അഴിമുഖം സുരക്ഷിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ